നം.എച്ച്2/35637/20134

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 27.06.2014

പ്രേഷിതാവ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ സ്കൂൾ പ്രഥമാധ്യാപകരും (എ.ഇ.ഒ/ഡി.ഇ.ഒ മുഖാന്തിരം)

സർ,

വിഷയം :- **പൊതുവിദ്യാഭ്യാസം - തസ്തിക നിർണയം 2014-15 - സമ്പൂർണ മുഖേന വിവരശേഖരണം നടത്തുന്നതു സംബന്ധിച്ച്.**

സൂചന :-
1. ഈ ഓഫീസിൽ നിന്നുള്ള 18.08.2011 ലെ സർക്കുലർ നമ്പർ. എൻ.ഇ.പി(3)/53537/2011/ഡി.പി.ഐ
2. ഈ ഓഫീസിൽ നിന്നുള്ള 30.12.2013 ലെ സർക്കുലർ നമ്പർ എൻ.ഇ.പി(3)/75318/2013/ഡി.പി.ഐ
3. ഈ ഓഫീസിൽ നിന്നുള്ള 17.06.2014 ലെ ഇതേ നമ്പർ കത്ത്
4. ഈ ഓഫീസിൽ നിന്നുള്ള 20.06.2014 ലെ ഇതേ നമ്പർ സർക്കുലർ

സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും 'സമ്പൂർണ' നടപ്പിലാക്കുന്നതിന് ഇതിനകം തന്നെ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന 2 പ്രകാരം ഒന്നുമുതൽ പത്തുവരെ ക്ലാസുകളിലെ വിദ്യാർഥികളുടെ വിശദാംശങ്ങൾ സമ്പൂർണയിൽ ഉൾപ്പെടുത്തുന്നതിന് 2013 ജനുവരി 30 വരെ സമയം അനുവദിച്ചിരുന്നു. 2014-15 അധ്യയനവർഷം മുതൽ വിവിധ സ്കോളർഷിപ്പുകൾക്ക് അർഹതയുള്ള വിദ്യാർഥികളെ കണ്ടെത്തുന്നതും ഐ.ഇ.ഡി വിഭാഗത്തിലുള്ള വിദ്യാർഥികളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതും വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്കാവശ്യമായ വിവരങ്ങൾ ശേഖരിക്കുന്നതും സമ്പൂർണ മുഖേനയാകും. ആയതിനാൽ സമ്പൂർണയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിശദാംശങ്ങൾ അടിയന്തരമായി പരിശോധിച്ച് അതിന്റെ കൃത്യതയും പൂർണതയും ഉറപ്പുവരുത്തേണ്ടതുണ്ട്. ഇതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി ചെയ്തു തീർക്കേണ്ടതാണ്.

1. 2014-15 അധ്യയനവർഷത്തെ തസ്തിക നിർണയത്തിന് ഡാറ്റ എടുക്കുന്നത് സമ്പൂർണയിൽനിന്നാണ്. എന്നാൽ ഈ വർഷം സ്കൂളിൽ പഠിക്കുന്ന മുഴുവൻ വിദ്യാർഥികളുടെയും വിശദാംശങ്ങൾ (യു.ഐ.ഡി നമ്പർ ഉൾപ്പെടെ) സമ്പൂർണ യിൽ ചേർത്ത് പൂർത്തിയാക്കാത്ത കുറെയധികം സ്കൂളുകൾ ഇനിയും ഉണ്ടെന്ന് മനസ്സിലാക്കുന്നു. ഇത് അടിയന്തരമായി പൂർത്തിയാക്കിയാൽ മാത്രമേ തസ്തിക നിർണയം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി അവസാനിപ്പി ക്കാൻ കഴിയൂ. **ആയതിനാൽ വിദ്യാർഥികളുടെ വിശദാംശങ്ങൾ സമ്പൂർണയിൽ ചേർത്ത് പൂർത്തിയാക്കാത്ത സ്കൂളുകൾ താഴെപ്പറയുന്ന സമയക്രമം അനുസ രിച്ച് അവ ഉൾപ്പെടുത്തി പൂർത്തീകരിക്കേണ്ടതാണ്.**

| | | |
|---|---|---|
| 1). | **തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകൾ** | **2014 ജൂൺ 27 മുതൽ 29 വരെ.** |
| 2). | **കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകൾ** | **2014 ജൂൺ 30 മുതൽ ജൂലൈ 2 വരെ.** |
| 3). | **പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർകോഡ് ജില്ലകൾ** | **2014 ജൂലൈ 3 മുതൽ 5 വരെ** |

**ഓരോ ജില്ലയ്ക്കും അനുവദിച്ചിട്ടുള്ള തീയതികളിലല്ലാതെ മറ്റു തീയതികളിൽ രാവിലെ 9 മുതൽ വൈകീട്ട് 6 വരെയുള്ള സമയത്ത് ജില്ലയിലെ സ്കൂളുകൾ സമ്പൂർണയിൽ ലോഗിൻ ചെയ്യരുത്. അമിത ലോഡ് മൂലമുള്ള സെർവർ ജാം ഒഴിവാക്കാനാണ് ഈ സമയക്രമം തീരുമാനിച്ചിട്ടുള്ളത്.** ജില്ലയിലെ സ്കൂളുകൾ ഇത് നിർബന്ധമായും പാലിക്കുന്നുണ്ടെന്ന് അതത് വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തണം.

ഓരോ സ്കൂളിലെയും മുഴുവൻ വിദ്യാർഥികളുടെയും വിവരങ്ങൾ സമ്പൂർണയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന സത്യവാങ്മൂലം 2014 ജൂലൈ 6 ന് രാവിലെ പ്രഥമാധ്യാപകർ എ.ഇ.ഒ/ഡി.ഇ.ഒ മാർക്ക് നൽകുകയും എ.ഇ.ഒ/ഡി.ഇ.ഒ മാർ അന്നുതന്നെ വിവരം വിദ്യാഭ്യാസ ഉപഡയറക്ടർമാരെ അറിയിക്കുകയും വേണം. വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രസ്തുത വിവരം അന്നേദിവസം

വൈകീട്ട് 5 മണിക്കുമുമ്പ് ഡയറക്ടറേറ്റിൽ ഇ-മെയിൽ വഴി (hsectiondpi@gmail.com, dpisecretsection@gmail.com) അറിയിക്കേണ്ടതുമാണ്. **ഏതെങ്കിലും സ്കൂളിലെ വിദ്യാർഥികളുടെ വിവരങ്ങൾ ചേർക്കൽ പൂർത്തിയായിട്ടില്ലെങ്കിൽ** പ്രസ്തുത സ്കൂളിന്റെ സ്കൂൾ കോഡ്, പേര്, വിദ്യാഭ്യാസ ജില്ല/ഉപജില്ല, പ്രഥമാധ്യാപകന്റെ പേര്, ഫോൺ നമ്പർ എന്നീ വിവരങ്ങൾ കൂടി നൽകേണ്ടതാണ്.

2. സമ്പൂർണയിൽ വിദ്യാർഥികളുടെ വിവരങ്ങൾ മാത്രമല്ല ഉൾപ്പെടുത്താനുള്ളത്. ജീവനക്കാരുടെ വിവരങ്ങളും സ്കൂളിന്റെ അടിസ്ഥാന വിവരങ്ങളും ഉൾപ്പെടെ സമഗ്രമായ വിവരശേഖരണമാണ് 'സമ്പൂർണ' കൊണ്ട് ലക്ഷ്യമിടുന്നത്. അവയെല്ലാം ഉൾപ്പെടുത്തിയാൽ മാത്രമേ 'സമ്പൂർണ' സമ്പൂർണമാകൂ. ഇവയെല്ലാം ഉൾപ്പെടുത്തുന്നതിന് 31.08.2014 വരെ സമയം നൽകുന്നു. എന്നാൽ വിദ്യാർഥികളെ സംബന്ധിച്ച വിവരങ്ങളെല്ലാം നിർദിഷ്ട സമയത്തിനുള്ളിൽ ഉൾപ്പെടുത്തിയിരിക്കണം.

3. സമ്പൂർണയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഓരോ വിദ്യാർഥിയെയും സംബന്ധിച്ച വിവരങ്ങൾ കൃത്യവും പൂർണവുമാണെന്ന് അതത് സ്കൂൾ പ്രഥമാധ്യാപകർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

4. സമ്പൂർണയിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സംശയങ്ങളുണ്ടെങ്കിൽ ഐ.ടി@സ്കൂൾ പ്രോജക്ടിന്റെ അതത് ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. **വിദ്യാർഥികളുടെ വിവരങ്ങൾ ചേർത്ത് സമ്പൂർണ അപ്ഡേറ്റ് ചെയ്യുന്ന ഈ പദ്ധതിയുടെ ഏകോപനത്തിനും സാങ്കേതിക സഹായത്തിനും ഐ.ടി@സ്കൂളിൽ നിന്നുള്ള ഒരു മാസ്റ്റർ ട്രെയിനറുടെ സേവനം എല്ലാ വിദ്യാഭ്യാസ ഉപജില്ലകളിലും ലഭ്യമാക്കുന്നതാണ്.** ഇവരുടെ ഫോൺനമ്പർ അടക്കമുള്ള വിവരങ്ങൾ ഐ.ടി@സ്കൂളിൽനിന്ന് അറിയിക്കുന്നതാണ്.

5. സമയബന്ധിതമായി സമ്പൂർണയുടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം. വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഇതിന്റെ ദൈനംദിന പുരോഗതി വിലയിരുത്തി ആവശ്യമായ മാർഗനിർദേശങ്ങൾ നൽകേണ്ടതാണ്. (ഡി.ഡി.ഇ/ഡി.ഇ.ഒ/

എ.ഇ.ഒ-മാർക്ക് നൽകിയിട്ടുള്ള സമ്പൂർണയുടെ യൂസർനെയിം/പാസ്‌വേർഡ് ഉപയോഗിച്ച് ലോഗിൻ ചെയ്യാൻ കഴിയും).

വിദ്യാഭ്യാസ വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ സ്കൂളുകളിൽനിന്ന് നേരിട്ട് ശേഖരിക്കുന്നതിന് പകരം സമ്പൂർണയിൽ ഉൾപ്പെടുത്തിയത് ഉപയോഗിക്കുന്ന രീതി അധികം വൈകാതെ നടപ്പാക്കുന്നതാണ്. ആയതിനാൽ ഓരോ സ്കൂളിന്റെയും വിശദാംശങ്ങളിൽ പിശക് കണ്ടെത്തിയാൽ ആയതിന്റെ പൂർണ ഉത്തരവാദിത്തം അതത് സ്കൂൾ പ്രഥമാധ്യാപകർക്കു മാത്രമായിരിക്കും.

വിദ്യാർഥികളുടെ വിവരങ്ങൾ സമ്പൂർണയിൽ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള മേൽപ്പറഞ്ഞ പദ്ധതി അതീവ ഗൗരവ സ്വഭാവമുള്ളതും യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കേണ്ടതുമായ ഒന്നാണ്. നിഷ്കർഷിച്ചിട്ടുള്ള സമയക്രമം നിർബന്ധമായും പാലിച്ച് അവ പൂർത്തിയാക്കുന്നതിന് വിദ്യാഭ്യാസ ഓഫീസർമാരും പ്രഥമാധ്യാപകരും സവിശേഷ ശ്രദ്ധ നൽകേണ്ടതാണ്. ഇതിനായി ആവശ്യമെങ്കിൽ പ്രത്യേക പ്രഥമാധ്യാപക യോഗങ്ങൾ എല്ലാ ജില്ല/ഉപജില്ലകളിലും ചേരേണ്ടതാണ്.

ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഈ കത്തിന്റെ പകർപ്പ് എല്ലാ പ്രഥമാധ്യാപകർക്കും നൽകി രസീത് വാങ്ങി സൂക്ഷിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

**കെ. ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ് :-

എക്സിക്യൂട്ടീവ് ഡയറക്ടർ,
ഐ.ടി@സ്കൂൾ, പൂജപ്പുര, തിരുവനന്തപുരം
(പദ്ധതി ആസൂത്രണത്തിനും വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും)